INDIAN INSTITUTE OF DIABETES
(A Govt.of Kerala Undertaking)
Pulayanarkotta, Thiruvananthapuram - 31, Kerala. Tel. No. 0471-2559388, 9562700200
Tel/Fax: 91-471-2559388, e-mail: iidtvm@yahoo.com, www.iidkerala.org

നമ്പർ:55/എ1/2024/ഐ ഐ ഡി തീയതി:08/05/2026

# ക്വട്ടേഷൻ നോട്ടീസ്

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിൽ 01.06.2026 മുതൽ ഒരു വർഷത്തേയ്ക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി ക്യാന്റീൻ നടത്തുന്നതിന് താല്പര്യമുള്ള രജിസട്രേഷനും ഫുഡ്സേഫ്റ്റി സർട്ടിഫിക്കറ്റും മുൻപരിചയവുമുള്ള വ്യക്തികളിൽ നിന്നും കുടുംബശ്രീകളിൽ/സംഘടനകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട സമയപരിധി 18.05.2026 വൈകുന്നേരം 4 മണി വരെയാണ്.

ക്യാന്റീൻ അടിസ്ഥാന വാടക 15,000/- രൂപ + ജി എസ് ടി (18%) ആയി നിജപ്പെടുത്തിയിട്ടുണ്ട്. ക്വട്ടേഷൻ സമർപ്പിക്കുന്നതിനൊപ്പം നിരതദ്രവ്യം 5000/- രൂപ ഡിഡി ആയി സ്ഥാപനത്തിൽ നൽകേണ്ടതാണ്. (കുടുംബശ്രീ ജില്ല മിഷന്റെ അംഗീകൃത കുടുംബശ്രീകൾക്ക് ബാധകമല്ല). ലഭിക്കുന്ന ക്വട്ടേഷനുകൾ 18.05.2026 വൈകുന്നേരം 4.30 മണിക്ക് തുറന്ന് പരിശോധിക്കുന്നതും ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള വ്യക്തി/ സംഘടനയ്ക്ക് കരാർ ഉറപ്പിക്കുന്നതുമാണ്. ടി ക്വട്ടേഷൻ അനുബന്ധത്തിലെ വ്യവസ്ഥകൾക്ക് വിധേയമാണ്. വ്യവസ്ഥകളിൽ പറയുന്ന രേഖകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. പ്രസ്തുത രേഖകൾ ഇല്ലാത്ത ക്വട്ടേഷനുകൾ യതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

INDIAN INSTITUTE OF DIABETES Thiruvananthapuram 11

ഡോ.പി.കെ ജബ്ബാർ
ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

അനുബന്ധം

വ്യവസ്ഥകൾ

1. കരാർ കാലാവധി കരാറിലേർപ്പെടുന്ന തിയതി മുതൽ ഒരു വർഷമായിരിക്കുന്നതാണ്. ക്യന്റീൻ നടത്തിപ്പിന്റെ ചുമതല ഏല്പിയ്ക്കപ്പെടുന്ന വ്യക്തി /സ്ഥാപനം / സംഘടന രണ്ടുമാസത്തെ വാടക അഡ്വാൻസായി നൽകേണ്ടതാണ്.ടി അഡ്വാൻസ് തുക ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്, ഉറുവിക്കൽ പി.ഒ, പുലയനാർകോട്ട എന്ന മേൽ വിലാസത്തിൽ ഡി.ഡി ആയി നൽകേണ്ടതാണ്. കരാർ കാലാവധി പൂർത്തിയാക്കി കെട്ടിടങ്ങൾ/ സാധനങ്ങൾ തിരികെ ഏൽപ്പിക്കുമ്പോൾ യാതൊരുവിധ പലിശയും ഇല്ലാതെ ടി അഡ്വാൻസ് തുക തിരികെ നൽകുന്നതാണ്. കെട്ടിടങ്ങൾ (ക്യാന്റീൻ കിച്ചൺ, ക്യാന്റീൻ). ഫർണിച്ചറുകൾ, ഫിറ്റിംഗുകൾ എന്നിവ യാതൊരുവിധ കേടുപാടുകളോ ഇല്ലാതെ തിരികെ ഏൽപ്പിക്കേണ്ടതാണ്. എന്തെങ്കിലും കേടുപാടുകൾ വരുത്തുന്ന പക്ഷം ആയതിന് ചിലവാകുന്ന തുക അഡ്വാൻസിൽ നിന്ന് ഈടാക്കി എടുക്കുന്നതാണ്.

2. ഓരോ മാസവും 7 -ാം തീയതിക്കു മുൻപായി മുന്മാസത്തെ വാടക ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ഇലക്ട്രിസിറ്റി/ വാട്ടർ ചാർജ് എന്നിവയും യഥാസമയം വാടകയോടൊപ്പം ഓഫീസിൽ അടയ്ക്കേണ്ടതാണ്.

3. ക്യാന്റീൻ കിച്ചണിൽ പ്രത്യേകമായി ഇലക്ട്രിക് മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ബിൽ വരുന്ന മുറയ്ക്ക് കൃത്യമായി ഇലക്ട്രിസിറ്റി ചാർജ് അടക്കേണ്ടതാണ്. വാട്ടർ കണക്ഷൻ ഈ സ്ഥാപനത്തിൽ നിന്നും നൽകിയിട്ടുള്ളതിനാൽ വെള്ളത്തിന്റെ ഉപഭോഗം അനുസരിച്ച് അതിനായി വച്ചിട്ടുള്ള പ്രത്യേക മീറ്ററിലെ റീഡിംഗ് പ്രകരമുള്ള തുക ഓഫീസിൽ നിന്നും അറിയിക്കുന്നതനുസരിച്ച് അടയ്ക്കേണ്ടതാണ്.

4. രണ്ട് മാസത്തിലധികം വാടക കുടിശ്ശിക വരുത്തിയാൽ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കുന്നതാണ്.

5. പ്രവർത്തന സമയം എല്ലാ ദിവസവും 6 മണി- 8 മണി (ഐ. പി യിൽ രോഗികൾക്കായി ഞായറഴ്ചകളിലും അവരുടെ ആവശ്യാനുസരണം ഭക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണ്ടതാണ്.

6. ആഹാരം ക്യാന്റീനിൽ വച്ച് പാകം ചെയ്യാൻ പാടില്ലാത്തതും ആഹാരം പാകം ചെയ്യുന്നതിനായ് സ്ഥാപനം പ്രത്യേകമായി അനുവദിയ്ക്കുന്ന കെട്ടിടം ഉപയോഗിക്കാവുന്നതാണ്.ക്യന്റീൻ

മലിനമാകതെയും ക്യന്റീനിൽ വരുന്നവർക്ക് ബുദ്ധിമുട്ട് ഉണ്ടാകത്ത രീതിയിലും ചായ/ കാപ്പി, ദോശ, അപ്പം, ഓംലൈറ്റ് മുതലായവ ആഹാരങ്ങൾ ഗ്യാസ് സ്റ്റൗവ് ഉപയോഗിച്ച് ക്യാന്റീനിൽ തയ്യറാക്കാം.

7. നഗരസഭ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം മാലിന്യങ്ങൾ സ്വന്തം നിലയിൽ നിർമ്മാർജനം ചെയ്യണം, ശുചിത്വം ഉറപ്പ വരുത്തണം

8. ഭക്ഷണപദാർത്ഥങ്ങളുടെ വിലനിലവാരം എഴുതി പ്രദർശിപ്പിക്കണം വിലയും ഗുണനിലവാരവും മറ്റും സംബന്ധിച്ച് സർക്കാർ മാനദണ്ഡം പാലിക്കേണ്ടതാണ്. ക്വട്ടേഷൻ പ്രകാരം സമർപ്പിക്കപ്പെട്ട വില നിലവാരത്തിൽ, ഇൻസ്റ്റിറ്റ്യൂട്ടിന്റെ സമ്മതമില്ലാതെ യാതൊരുവിധ വില വ്യത്യാസവും വരുത്തുവാൻ പാടുള്ളതല്ല.

9. ആശുപത്രി പ്രവർത്തിക്കുന്ന എല്ലാ ദിവസവും ക്യന്റീൻ പ്രവർത്തിക്കണം.

10. ക്യാന്റീനിൽ പരാതി/ നിർദ്ദേശങ്ങൾ രേഖപ്പെടുത്താൻ സൗകര്യം ഏർപ്പെടുത്തേണ്ടതും അവയിൽ യഥാസമയം നടപടി സ്വീകരിക്കേണ്ടതുമാണ്.

11. കരാർ നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ രണ്ടാഴ്ചത്തെ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കാൻ ഇരുകക്ഷികൾക്കും അവകാശമുണ്ട്

12. ക്യാന്റീനിൽ ഭക്ഷണ സാധനങ്ങൾ കൈകാര്യം ചെയ്യുന്നവർ യൂണീഫോം, കോട്ട്, ഏപ്രൺ, കൈ ഉറ, തൊപ്പി എന്നിവ നിർബന്ധമായും ധരിക്കണം.

13. ഡയബറ്റിസ് രോഗികൾക്ക് അനുയോജ്യമായ് രീതിയിലുള്ള ഭക്ഷണം നിർബന്ധമായും ക്യാന്റീനിൽ ഉണ്ടായിരിക്കണം. ഇക്കാര്യത്തിൽ ഐ.ഐ.ഡി ഡയറ്റീഷ്യൻ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്.

14. രാവിലെ 11 മണി വരെ ബ്രേക്ക് ഫാസ്റ്റ് ലഭ്യമാക്കണം ഇൻപേഷ്യന്റ് ആവശ്യപ്പെടുന്നതനുസരിച്ച് ഏതുസമയത്തും ഭക്ഷണം റൂമിൽ എത്തിക്കേണ്ടതാണ്.

15. ഐ.പി.യിൽ നിർബന്ധമായും ഡയറ്റീഷ്യൻ നിർദ്ദേശിക്കുന്ന ഭക്ഷണം തന്നെ നൽകണം

16. ഐ.പി യിൽ ഡയബറ്റിക്ക് രോഗികളുടെ ഭക്ഷണം സമയത്തിന് എത്തിക്കേണ്ടതാണ്.

17. ചെറു ചൂടോടു കൂടിയ ഭക്ഷണം കൃത്യമായി കവർ ചെയ്തു കൊടുക്കാൻ ശ്രദ്ധിക്കുക

18. ഡയബറ്റിക്ക് രോഗികൾക്ക് രക്തത്തിലെ പഞ്ചസാരയുടെ അളവ് കൂടാൻ സാധ്യതയുള്ള പൂരി, പെറോട്ട, അപ്പം,റോസ്റ്റുകൾ, കിഴങ്ങു വർഗ്ഗങ്ങൾ, ചമ്മന്തികൾ എന്നിവ പരമാവധി ഒഴിവാക്കുക

19. നാരങ്ങാവെള്ളം, പഴങ്ങളായ ആപ്പിൾ, ഓറഞ്ച്, പേരക്ക, റോബസ്റ്റ പഴം എന്നിവ ഉൾപ്പെടുത്തുക

20. എണ്ണ പലഹാരങ്ങളായ വട, ബജി, ഏത്തക്കാപ്പം, സമോസ എന്നിവയ്ക്ക് പകരം ഇലയട ഉൾപ്പെടുത്താം ( ഗോതമ്പ് മാവ്)

21. ചിക്കൻ/ മീൻ കറികൾ ഉൾപ്പെടുത്താം, ഫ്രൈ ഒഴിവാക്കുക

22. പ്രമേഹ രോഗികൾക്ക് നൽകേണ്ട ഭക്ഷണ ക്രമം ഡയറ്റീഷ്യൻ നിർദ്ദേശച്ചത് ചുവടെ ചേർക്കുന്നു

രാവിലെ – ചായ / കാപ്പി / കട്ടൻ (മധുരമില്ലത്തത്)

പ്രാതൽ - ഇഡ്ഡലി / ദോശ / ഇടിയപ്പം / പുട്ട് / ഉപ്പ്മാവ് / ചപ്പാത്തി + കറികൾ ( സാമ്പാർ, കടലക്കറി, മിക്സ് വെജിറ്റബിൾ കറി, മുട്ടകറി)

ഉച്ചഭക്ഷണം – ചോറ് (മീൽസ്), പച്ചക്കറികൾ, അവിയൽ / തോരൻ (ബീറ്റ് റൂട്ട് തോരൻ ഉൾപ്പെടുത്തിയാൽ മറ്റു പച്ചകറികൾ ഏതെങ്കിലും കൂടി മിക്സ് ചെയ്ത് ഉപയോഗിക്കാൻ ശ്രമിക്കുക) തൈര് / മോര്, ഏരുശ്ശേരി, രസം, സാമ്പാർ,മീൻകറി എന്നിവ ഉൾപ്പെടുത്താം.

വൈകുന്നേരം – ചായ / കാപ്പി / കട്ടൻ (മധുരമില്ലാതെ) സ്നാക്സ് – ആരോറൂട്ട് ബിസ്കറ്റ്

അത്താഴം – ചപ്പാത്തി / ഗോതമ്പ് പുട്ട് / അരിദോശ + കറികൾ (സാമ്പാർ, കടല, മിക്സഡ് വെജിറ്റബിൾ കറി) പ്രമേഹ രോഗികൾ അല്ലാത്തവർക്ക് സാധാരണ ഭക്ഷണ പദാർത്ഥങ്ങൾ നൽകാവുന്നതാണ്.

23. ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരവും ശുചിത്വവും പരിശോധിക്കാനായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, നഴ്സിംഗ് സൂപ്രണ്ട്, ആർ.എം.ഒ, ഡയറ്റീഷ്യൻ എന്നിവരടങ്ങുന്ന മോണിറ്ററിംഗ് സമിതി നിയോഗിച്ചിട്ടുണ്ട്. മോണിറ്ററിംഗ് സമിതിയുടെ / ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ശുചിത്വവും ഗുണനിലവാരവുംപാലിക്കാത്ത പക്ഷം യാതൊരു കാരണവശാലും ക്യാന്റീൻ തുടർന്ന് പ്രവർത്തിക്കാൻ അനുവദിക്കുന്നതല്ല.

24. ഭക്ഷണപദാർത്ഥങ്ങൾ 30 % ഡിസ് കൗണ്ട് നിരക്കിൽ ജീവനകാർക്ക് നൽകേണ്ടതാണ്

25. ഭക്ഷ്യ സുരക്ഷാ വകുപ്പ്, നഗരസഭാ ആരോഗ്യ വിഭാഗം എന്നിവ കാലകാങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി മാത്രമേ ക്യാന്റീൻ പ്രവർത്തിക്കാവൂ.

26. നഗരസഭ, ഫുഡ് സേഫ്റ്റി വകുപ്പ് (fssai) എന്നിവയുടെ ലൈസൻസ് ഉണ്ടായിരിക്കണം, ഇതിന്റെ പകർപ്പ് ഓഫീസിൽ സമർപ്പിക്കുകയും അവ ക്യന്റീനിൽ പ്രദർശിപ്പിക്കുകയും വേണം.

27. ആരോഗ്യ വകുപ്പിൽ നിന്നും നൽകുന്ന ഹെൽത്ത് കാർഡ് നിർബന്ധമായും എല്ലാ ക്യാന്റീൻ ജീവനകാർക്കും ഉണ്ടായിരിക്കണം.

28. ക്യാന്റീനിൽ വരുന്ന രോഗികളോടും, കൂട്ടിരിപ്പുകാരോടും, ഈ സ്ഥാപനത്തിലെ ജീവനക്കാരോടും ഇതര ഉപഭോക്തക്കളോടും മാന്യമല്ലാത്ത പെരുമാറ്റം ഉണ്ടായതായി പരാതി ലഭിച്ചാൽ അത് കരാർ റദ്ദാക്കുന്നതിന് മതിയായ കാരണമായി കണക്കാക്കും.

29. ക്യന്റീൻ സ്റ്റാഫ് ക്യന്റീനുള്ളിലോ അടുക്കള കെട്ടിടത്തിലോ ഒരു രീതിയിലുമുള്ള ലഹരി വസ്തുവും ഉപയോഗിക്കാൻ പാടുള്ളതല്ല. ഇത് ശ്രദ്ധയിൽപ്പെട്ടാൽ കരാർ റദ്ദാക്കുന്നതാണ്.

30. ക്യാന്റീൻ നടത്തിപ്പ് കുടുംബശ്രീയിൽ ഉൾപ്പെട്ടവരായാൽ നടത്തിപ്പ് കുടുംബശ്രീയുടെ മാനദണ്ഡപ്രകാരമായിരിക്കണം.

31. കരാർ അവസാനിക്കുന്ന തീയതിയിൽ വാടകയിനത്തിലോ മറ്റിനത്തിലോ കുടിശ്ശിക നിലവിലുണ്ടെങ്കിൽ ടി തുക ക്യാന്റീൻ കരാറുകാരന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്ന് നിയമാനുസൃതം ഈടാക്കിയെടുക്കാൻ സ്ഥാപനത്തിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.